(ബി) ഇതിന്റെയടിസ്ഥാനത്തിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ബൈപാസ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത റോഡിന്റെ പ്രധാന്യം പരിഗണിച്ച് എത്രയും വേഗം ഭരണാനുമതിനൽകി സമയബന്ധിതമായി നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണ്ണ് പരിശോധനാ റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായിട്ടില്ല.

(സി) ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുമ്പോൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

കുമ്പളം ടോൾ പ്ലാസയിൽ സ്വകാര്യ ബസ്സുകൾക്കുള്ള ടോൾ നിരക്ക്

288(3213) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളം ടോൾ പ്ലാസയിൽ സ്വകാര്യ ബസ്സുകൾക്കുള്ള ടോൾ നിരക്ക് നാലിരട്ടിയായി വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ സ്വകാര്യ ബസ്സ് ജീവനക്കാർ പ്രതിഷേധിച്ചതിനെ തുടർന്ന് ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) കുമ്പളം ടോൾ പ്ലാസയിൽ വർദ്ധിപ്പിച്ച സ്വകാര്യ ബസ്സുകളുടെ ടോൾ നിരക്ക് കുറയ്ക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഡി) ടോൾ പ്ലാസയുടെ 20 കി.മീ. ചുറ്റളവിൽ താമസിക്കുന്നവരിൽ നിന്നും ടോൾ ഈടാക്കാതിരിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കമ്പളം ടോൾ പ്ലാസയിൽ സ്വകാര്യ ബസ്സുകൾക്കുള്ള ടോൾ നിരക്ക് നാലിരട്ടിയായി വർദ്ധിപ്പിച്ചിട്ടില്ല.

(ബി) കമ്പളം ടോൾ പ്ലാസയിലെ ടോൾ പിരിവ് നടത്തുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് ഇക്കാര്യത്തിൽ നിയന്ത്രണമില്ല. സ്വകാര്യബസ്സുകൾക്കെതിരെ NHAI നിയമനടപടി സ്വീകരിച്ചിട്ടില്ല.

(സി) 1997-ലെ നാഷണൽ ഹൈവേ ഫീ റൂൾസ് പ്രകാരം കേന്ദ്ര സർക്കാരാണ് കമ്പളം ടോൾ പ്ലാസയിൽ ടോൾ നിരക്ക് നിശ്ചയിക്കുന്നത്. ഇവിടെ ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിനോ കുറയ്ക്കുന്നതിനോ സംസ്ഥാന സർക്കാരിന് അധികാരമില്ല.

(ഡി) തൽക്കാലം പരിഗണിക്കാൻ കഴിയില്ല.

ശങ്കർ സ്മാരക ദേശീയ മ്യൂസിയം-കൃഷ്ണപുരം കൊട്ടാരം റോഡ് നിർമ്മാണം

289(T3214) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം-ദേശീയപാത എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ നിലവിലുള്ള അവസ്ഥ എന്ത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം - ദേശീയപാത എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ (പാലസ് റോഡ്) 98 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly